**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **31-08-2022 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ നിരോധിത മരുന്നുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത്തരത്തിലുള്ള പച്ചക്കറി ഉല്പന്നങ്ങൾ സംസ്ഥാനത്ത് എത്തുന്നതിന് മുമ്പ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ സംസ്ഥാനത്ത് എത്തുന്നതിന് മുമ്പ് ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഇവിടങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ "' സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നു. പ്രസ്തുത ഘടകത്തിലൂടെ കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നു.<br><br>കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in ലും, കേരള കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും എല്ലാ പൊതു ജനങ്ങൾക്കും ലഭ്യമാകുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ